# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താനാളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA MPM M22/288/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 13/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനാളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM M22/288/2022 തീയ്യതി: 13/04/2022

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 09-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 25-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 25-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സുരേഷ്.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റിഷിൽ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ്.പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൽ അലി.കുന്നൻ, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുജീബ് എൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി രമണി എം | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ ബൈജു ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 31-07-2019 |
| ശ്രീ പി രാംജിലാൽ | സെക്രട്ടറി | 01-08-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബൈജു.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ശ്രുതി.കെ.ടി | മെഡിക്കൽ ഓഫീസർ ,അലോപ്പതി | 01-04-2019 | 31-03-2020 |
| ഡോ ഫാത്തിമത്ത് താഹിറ ഒ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 19-11-2019 |
| ഡോ ഹേമലത സി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 20-11-2019 | 31-03-2020 |
| ശ്രീമതി പുഷ്പ ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 10-12-2019 |
| ശ്രീമതി പങ്കജം പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-12-2019 | 31-03-2020 |
| ശ്രീമതി ഗായത്രി കെ.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ ലുക്മാൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി അജിതനാഥ് എസ്.ജി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി ആര്യ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| വി.സി | | | |
| ശ്രീ മഹേഷ് ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |

-

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 18-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 18-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 18-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 13-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 25-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 25-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Ali Kunnan (Auditor, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Abdul Ali Kunnan (Auditor, On 25-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 25-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 25-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 25-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh.P (Audit Officer, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-01-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന- അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-11 |
| 12 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.<br>Written By: Abdul Ali Kunnan (Auditor, On 10-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 13-04-2022) | 1-12 |
| 13 | റസീപ്റ്റ് ബുക്ക് - പകർപ്പുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച്.<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-13 |
| 14 | തൊഴിൽ നികുതി അപാകതകൾ<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-14 |
| 15 | തനത് ഫണ്ട് വൌച്ചറുകളിലെ അപാകതകൾ<br>Written By: Suresh.P (Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 08-04-2022) | 1-15 |
| 16 | കെട്ടിട നികുതി ചുമത്തിയത് - അപാകതകൾ<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 11-04-2022) | 1-16 |
| 17 | താനാളൂർ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമാക്കി | 1-17 |

| | | |
|---|---|---|
| | ഉയർത്തൽ -എൻ. ആർ.എച്ച്.എം ന് വിഹിതം നൽകൽ-വിനിയോഗം സംബന്ധിച്ച്.<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 13-04-2022) | |
| 18 | അംഗൻവാടി നമ്പർ 85പുനരുദ്ധാരണം - സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 3976 രൂപ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-18 |
| 19 | നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 06-04-2022) | 1-19 |
| 20 | ചേനേരിപ്പാടം SC ശ്മശാനത്തിന് ഷെഡ് നിർമ്മാണം- ഷീറ്റ് റൂഫിങ് പ്രവൃത്തി -കനം കുറഞ്ഞ ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു – കരാറുകാരന് 6844 രൂപ അധിക തുക നൽകി<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-20 |
| 21 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 1,09,725 രൂപ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 13-04-2022) | 1-21 |
| 22 | മരാമത്ത് പ്രവൃത്തി – പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-22 |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 08-04-2022) | 1-23 |
| 24 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 08-04-2022) | 1-24 |
| 25 | ന്യൂട്രിമിക്സിനു നൽകിയ ജിഎസ് ടി -TDSഈടാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 23-01-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 13-04-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ചേനേരിപ്പാടം SC ശ്മശാനത്തിന് ഷെഡ് നിർമ്മാണം- ഷീറ്റ് റൂഫിങ് പ്രവൃത്തി -കനം കുറഞ്ഞ ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു – കരാറുകാരന് 6844 രൂപ അധിക തുക നൽകി<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Rishil.P (Audit Officer, On 26-01-2022) | 3-1 |
| 2 | അംഗൻവാടി നമ്പർ 85പുനരുദ്ധാരണം - സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 3976 രൂപ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 08-04-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 4-1 |

| | | |
|---|---|---|
| | നല്കിയതിന്റെ വിവരം.<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-3 |
| 4 | മൊബെലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 26-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 08-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-210ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/1 06.02.2019 | 2/1 02.03.20 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 30.07.2020 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43698213 |
| വരവ് | 78952313 |
| ആകെ | 122650526 |
| ചെലവ് | 82444189 |
| നീക്കിയിരിപ്പ് | 40206337 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18396882 | 18396882 | 17270636 | 1126246 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3829294 | 3829294 | 2815000 | 1014294 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11995000 | 11995000 | 6298893 | 5696107 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5747000 | 5747000 | 3116056 | 2630944 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 755400 | 755400 | 200000 | 555400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 0 | 14670617 | 14670617 | 9651169 | 5019448 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 30689200 | 30689200 | 30689200 | 0 |

വികസനഫണ്ട് ജനറൽ എ.സി.ആർ. പ്രകാരം ചെലവ് 17270636 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 18064754 രൂപയും ആണ്. വ്യത്യാസം 794118. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ചെലവ് എ.സി.ആർ. പ്രകാരം 200000 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 0 രൂപയും ആണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 263 | 126014959 | 162 | 62106960 | 13 | 101 | 61.59 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12823 | 1034418 | 1047241 | 889254 | 157987 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 10761836 | 10761836 | 10761836 | - |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 1132200 | 160 |
| വിധവാപെൻഷൻ | 10344000 | 1880 |
| വാർദ്ധക്യകാലപെൻഷൻ | 15603300 | 3510 |
| വികലാംഗപെൻഷൻ | 2880100 | 591 |
| വിവാഹ ധനസഹായം | 450000 | 15 |
| 50 വയസ്സിനു മുകളിൽ.....സഹായം | 279600 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 18104/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്.

2.കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. സ്റ്റോക്ക്, സ്റ്റോർ മൂല്യം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനം, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.

3.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

5.മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമമറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കാൻ കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

6.ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി ധനകാര്യസ്റ്റാന്റിങ് കമ്മിറ്റി വിലയിരുത്തേണ്ടതും ഡിമാന്റ് ചെയ്യപ്പെടുന്ന നികുതികൾ പിരിച്ചെടുക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 7.ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല.

അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/11/2021& 23/11/2021 | 01/08/2021 മുതൽ 31/10/2021 വരെ | 23/11/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2010 മുതൽ 12.08.2010 വരെ | 2004-05 To 2009-10 | 24.09.2010 |

## 1-11 വാർഷികകണക്ക് പരിശോധന- അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1 ആസ്തി രജിസ്റ്റർ കാലികമാക്കുകയും പ്രിന്റ് എടുത്ത് സൂക്ഷിക്കുകയും ചെയ്തിട്ടില്ല.ആയതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2 അഡ്വാൻസ് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 89,280 രൂപ പിരിച്ചെടുക്കുവാനവശേഷിക്കുന്നു.എന്നാൽ ഇത് ഷെഡ്യൂൾ B-15 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4 വസ്തു നികുതി സാക്ഷ്യപ്പെടുത്തിയ ഡി സി ബി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

5 പെർമിറ്റ് രജിറ്ററിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി ബന്ധപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം7,135,882 രൂപ ലോൺ ഇനത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിന് ലോൺ രജിസ്റ്റർ ലഭ്യമാക്കിയില്ല.

7 തൻവർഷം ആരംഭിച്ച് സ്റ്റോക്ക് ,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9 MGNREGS ക്യാഷ് ബുക്ക് പ്രകാരം ഭരണച്ചെലവ് ഇനത്തിൽ വരവ് 6704686 രൂപയും ചെലവ് 533919 രൂപയുമാണ്. AFS പ്രകാരം വരവ് 1034418 രൂപയും ചെലവ് 889254 രൂപയും ആണ്.

10 വാർഷിക ധനകാര്യ പത്രിക B-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം ഷെയർ ഇനത്തിൽ 2500 രൂപയും സ്ഥിര നിക്ഷേപം ഇനത്തിൽ 7,056,912 രൂപയും കാണുന്നു.എന്നാൽ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ (ഗ്രാമപഞ്ചായത്ത്

ലഭ്യമാക്കിയത് മലപ്പം ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 358/05.07.2001 നമ്പർ 5000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റാണ്). സർട്ടിഫിക്കറ്റുകളുമായി ഇത് പൊരുത്തപ്പെടുന്നില്ല. സ്ഥിര നിക്ഷേപ രജിസ്റ്ററും ഹാജരാക്കിയില്ല.

11 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ വാർഷിക കണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ,വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം ,ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ ,മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാര പ്രകാരമുള്ള നികുതി നിരക്കുകൾ താനാളൂർ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നം.1/19-20 ന് ലഭ്യമാക്കിയ മറുപടിയിൽ അടുത്ത ഭരണ സമിതി യോഗത്തിൽ നിരക്ക് സംബന്ധിച്ച തീരുമാനമെടുത്ത് വിജ്ഞാപനം ചെയ്യും എന്നാണറിയിച്ചത്)

## 1-13 റസീപ്റ്റ് ബുക്ക് - പകർപ്പുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച്.

06-01-2020 ന് കൃഷി ഓഫീസർക്ക് അനുവദിച്ച് നൽകിയ 56576 നമ്പർ റസീപ്റ്റ് ബുക്കിലെ 56576/1-88 തി. വരെ റസീപ്റ്റുകളിലായി പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അതേ തിയ്യതിയിൽ അടവാക്കിയിട്ടുണ്ട്. അവശേഷിച്ച റസീപ്റ്റുകളിൽ പെട്ട 56576/89 മുതൽ 56576/98 വരെ റസീപ്റ്റുകൾ ഉപയോഗിച്ചിട്ടില്ല.ആയത് ഓഡിറ്റ് നിർദ്ദേശ പ്രകാരം കാൻസൽ വരുത്തിയിട്ടുണ്ട്. എന്നാൽ 56576/99,56576/100 നമ്പർ റസീപ്റ്റുകളുടെ അസ്സലുകളിൽ യാതൊരുവിധ രേഖപ്പെടുത്തലുകൾ വരുത്താതെ പകർപ്പുകൾ പറിച്ച മാറ്റുകയും ചെയ്തിട്ടുണ്ട്. പകർപ്പുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 2/19-20 തിയതി 11.01.22 ന് നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. പറിച്ച് മാറ്റപ്പെട്ട രശീതിയുടെ പകർപ്പ് ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ല എന്നുറപ്പ് വരുത്തേണ്ടതും അപാകതക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

**എ) സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.**

താഴെ പറയുന്ന സ്ഥാപനങ്ങളുടെ അതതിന് നേരേ ചേർത്ത കാലയളവിലെ സ്ഥാപന തൊഴിൽ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി താനാളൂർ | 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 2 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ,തിരൂർ | 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 3 | ബി.എസ്.എൻ.എൽ | 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 4 | പോപ്പുലർ മോട്ടോർ വേൾഡ് പ്രൈ.ലി. | 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 5 | ആപ്കോ കാർസ് പ്രൈ.ലിമ. സപ്ലൈകോ | 2019-20 രണ്ടാം അർദ്ധവർഷം |
| 6 | ദയ ഹോസ്പിറ്റൽ | 2019-20 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

**ബി) ജീവനക്കാർ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.**

തൊഴിൽ നികുതി റിട്ടേൺ പ്രകാരം 2019-20 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി അടവാക്കിയ താഴെ സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| | | |

| | | |
|---|---|---|
| 1 | മാവേലി സ്റ്റോർ, ചുങ്കം | 2019-20 ഒന്നാം അർദ്ധവർഷം |

**സി) സ്ഥാപന തൊഴിൽ ഈടാക്കാത്തത് .**

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് 2019-20 വർഷങ്ങളിൽ ബാങ്കിന്റ മെയിൻ ബ്രാഞ്ചിന്റെ (വട്ടത്താണി) സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 27-11-1998 ലെ 46915/എൽ2/97 നമ്പർ കത്ത് പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾ പ്രത്യേകം തൊഴിൽ നികുതി അടക്കേണ്ടതുണ്ട്. എന്നാൽ താനാളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ താനാളൂർ ,അയ്യായ റോഡ് ബ്രാഞ്ചുകളുടെ 2019-20വർഷങ്ങളിലെ ഒന്ന് ,രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (എൻക്വയറി നം 03/19-20 തിയ്യതി 11-1-2022,09/19-20 തിയ്യതി 16-01-2022-ഇവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 തനത് ഫണ്ട് വൌച്ചറുകളിലെ അപാകതകൾ

2019-20 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും നല്കിയ തുകകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | വൌച്ചർ നമ്പർ | തുക | ചെലവിനം | അപാകത |
|---|---|---|---|---|
| 1 | 21900088/8.5.19 | 15,000 | പരാതിപ്പെട്ടി വാങ്ങിയതിന് സെൻട്രൽ ട്രേഡേഴ്സ്, തിരൂരിന് നല്കിയത് | 27.02.19 ലെ 14(5)തീരുമാനപ്രകാരംപെട്ടി ഒന്നിന് 500 രൂപ നിരക്കിൽ വാങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ ഇൻവോയ്സ് (10/10.4.19)പ്രകാരം 25 എണ്ണത്തിന് 600രൂപ ക്രമത്തിലാണ് നല്കിയിട്ടുള്ളത്. അധികം നല്കിയത് 2,500/- രൂപ. കൂടാതെ ക്വട്ടേഷൻ, പ്രൊജക്ട് രേഖകൾ ഫയലിൽ ഇല്ല |
| 2 | 21900135/ 31.5.19 | 9,192 | വാട്ടർ പമ്പ് മാറ്റിയതിന് സിദ്ദിഖ് എന്നയാൾക്ക് നല്കിയത് | തുക കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കിയിട്ടില്ല |
| | ആകെ | 24,192 | | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (05/19-20/13.01.22) മറുപടി ലഭ്യമായിട്ടില്ല. ക്രമ നം.(1) ൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസം ചെയ്യുന്നു.

## 1-16 കെട്ടിട നികുതി ചുമത്തിയത് - അപാകതകൾ

താനാളൂർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത വസ്തു നികുതി നിരക്ക് പ്രകാരം 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീ. ന് 60 രൂപയുമാണ്. 2019-20 വർഷത്തിൽ പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയത് പരിശോധിച്ചതിൽ നിന്നും പല കെട്ടിടത്തിനും യഥാവിധി നികുതി കണക്കാക്കിയിട്ടില്ലന്ന് കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പറുകൾ | ആകെ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കിയത് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 12/71 D-G | 130.5 | 60/ച.മീ. | 40/ച.മീ | |
| 2 | 23/445 A,B,D-F | 310 | 60/ച.മീ. | 40/ച.മീ | 212.34 ച.മീ ന് ക്രമ പ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. |
| 3 | 15/589 A-G | 213.3 | 60/ച.മീ. | 40/ച.മീ | |
| 4 | 13/408 B-D,F,G | 174.17 | 60/ച.മീ. | 40/ച.മീ | |
| 5 | 15/151 C-P | 258.77 | 60/ച.മീ. | 40/ച.മീ | |
| 6 | 5/378A-H | 183.76 | 60/ച.മീ. | 40/ച.മീ | |
| 7 | 19/16 A-K | 161.06 | 60/ച.മീ. | 40/ച.മീ | |
| 8 | 17/164C-L | 184.55 | 60/ച.മീ. | 40/ച.മീ | |
| 9 | 15/238 B,C | 143 | 60/ച.മീ. | 40/ച.മീ | 104ച.മീ ന് ക്രമ പ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. |
| 10 | 17/128 E-T | 321.5 | 60/ച.മീ. | 40/ച.മീ | |
| 11 | 3/492A-F | 163.66 | 60/ച.മീ. | 40/ച.മീ | |

നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 21/19-20 Dt 24/1/2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## <u>1-17 താനാളൂർ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ -എൻ. ആർ.എച്ച്.എം ന് വിഹിതം നൽകൽ- വിനിയോഗം സംബന്ധിച്ച്.</u>

പദ്ധതി : 186/19-20 താനാളൂർ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ -എൻ. ആർ.എച്ച്.എം ന് വിഹിതം നൽകൽ.

അടങ്കൽ: : 222604/- തനത് ഫണ്ട്.

ചെലവ് വിവരം : 222604/- , ബിൽ നം 51900303 Dt 19-08-2019

താനാളൂർ പി.എച്ച്.സി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് എൻ.ആർ.എച്ച്.എം ന് 222604രൂപ മുകളിൽ ചേർത്ത ബിൽ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 22/19-20 ന് നൽകിയ മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.)

## 1-18 അംഗൻവാടി നമ്പർ 85പുനരുദ്ധാരണം - സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 3976 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
താഴെ പറയുന്ന പ്രവൃത്തിയിൽ കെട്ടിടത്തിന് മുൻവശത്ത് മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 50.10.1 കോഡ് പ്രകാരമുള്ള 137.46/Kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 21.1.22 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DAR 50.10.2 കോഡ് പ്രകാരമുള്ള 111.93/Kg രൂപയാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| അംഗൻവാടി നമ്പർ 85 കെട്ടിടം പുനരുദ്ധാരണം (SO245/20)<br>TS No: 74001/2018-19 (CI 37.25%)<br>Agri.No: 25/AE/LSGDTNR/18-19 Dtd3.9.18 (Tender Below-9%)<br>M.Book No: 158/18-19,132/18-19<br>അടങ്കൽ -3,00,000<br>ഫണ്ട്- Maintenance Grant (NR)<br>ചെലവ് -220099<br>ബിൽ - 42/25.10.19- 220099<br>കരാറുകാരൻ: ദാമോദരൻ.വി<br>Est.No- 2018/67628<br>Cost Index-37.25% | 171.14 Kg X 137.46/Kg = **23524.90**<br>(അളവ് പുസ്തകം ഇനം 26) | 171.14 Kg X 111.93/Kg = **19155.70** | **3976**<br>**(4369-9% Tender Below)** |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( **AUDIT ENQUIRY No. 16 / 21.1.22 (2019-20))** മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 3976രൂപ പ്രവൃത്തിയുടെ അളവ് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് : 55/2020 നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

അടങ്കൽ : 628,313 (വികസന ഫണ്ട് ജനറൽ -500250 , തനത് ഫണ്ട് - 128063)

ചെലവ് : 450,000

1) ബിൽ നമ്പർ : 1915055203820100 5023/29-12-2019- Rs.331500.

2) ചെ. നം. 5149601 Dt 12/12/2019 (V.No.21900628/12/12/19. Rs.118500)

നിർവ്വഹണം : കൃഷി ഓഫീസർ .

2019/20 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പ്രൊജക്ട് പ്രകാരം 450,000 രൂപ മേൽ ചേർത്ത ബില്ലുകൾ/ചെക്ക് മുഖേനെ ,ടി മാസ്ററർ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് സെന്റർ മുണ്ടൂർ, പാലക്കാടിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

2019 നവംബർ 20 ന് ടി സ്ഥാപനവുമായ ചമച്ച ധാരണാപത്രം പ്രകാരം ഈ പ്രൊജക്ടിന് ചെലവ് വരുന്ന 628,313 രൂപയിൽ 450,000 രൂപ കരാർ ചമച്ച ഉടനെയും ബാക്കി വരുന്ന 178,313 രൂപ മാസ്റ്റർ പ്ലാൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്കും അനുവദിക്കുന്നതിനാണ് സമ്മതിച്ചിരിക്കുന്നത്. ഒന്നാം ഘട്ട തുക അനുവദിക്കുന്നതിന് പുറമെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ കഡസ്ട്രൽ മാപ്പ് , ആവശ്യമായ സംഘാടക സമിതികൾ , ജനപങ്കാളിത്തം

,പരിശീലനങ്ങൾക്കും മറ്റുമുള്ള സൌകര്യം , ഓഫീസ് സംവിധാനം ,വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം, എന്നിങ്ങനെയുള്ള സൌകര്യങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ച് നൽകേണ്ടതുണ്ട്.

പ്രൊജക്ട് നിർവ്വഹണം പൂർത്തിയാവുന്നതോടെ എ) ഗ്രാമ പഞ്ചായത്ത് തല നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ ( 3 കോപ്പി) . ബി) നീർത്തടാടിസ്ഥാനത്തിൽ സർവ്വെ നമ്പർ അടങ്ങിയ ഇടപെടൽ ഭൂപടം . സി) മുഖ്യ ഇടപെടൽ നടത്തിയ ജി.ഐ.എസ് ഭൂപടം എന്നിവ പ്രൊജക്ട് നിർവ്വഹണം നടത്തിയ ഐ.ആർ.ടി .സി പഞ്ചായത്തിന് നൽകേണ്ടതുമാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും ഒന്നാം ഘട്ട തുക അനുവദിക്കുകയല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. വിശദീകരണം നല്കേണ്ടതാണ് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/19-20/19.01.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക തടസം ചെയ്യുന്നു. പ്രൊജക്ട് ലക്ഷ്യം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ചേനേരിപ്പാടം SC ശ്മശാനത്തിന് ഷെഡ് നിർമ്മാണം- ഷീറ്റ് റൂഫിങ് പ്രവൃത്തി -കനം കുറഞ്ഞ ഷീറ്റിന് അധിക നിരക്ക് അനുവദിച്ചു – കരാറുകാരന് 6844 രൂപ അധിക തുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ചേനേരിപ്പാടം SC ശ്മശാനത്തിന് ഷെഡ് നിർമ്മാണം (SO193/20) എന്ന പ്രവൃത്തിക്ക് തെറ്റായി 0.45 Mm ഷീറ്റിന്റെ വിലകണക്കാക്കിയാണ് മൂല്യ നിർണ്ണയം നടത്തിയത് എന്നാൽ 21.1.22 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ളത് 0.35 Mm കനമുള്ള ഷീറ്റ് ആണെന്ന് ബോധ്യപ്പെട്ടു. 0.35 Mm കനത്തിലുള്ള ഷീറ്റിന് അനുവദിക്കാവുന്ന Observed Data പ്രകാരമുള്ള നിരക്ക് താഴെ കൊടുക്കുന്നു

**0.35 Mm Sheet**

**(OD – 290024/2018/-19)**

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
